**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ട്രിഡ - കഴക്കൂട്ടം ട്രേഡ് സെന്റർ - കം - മിനി ബസ് സ്റ്റാൻഡ് പ്രോജക്ടിനായി 90.6 സെന്റ് സ്ഥലം അർജൻസി ക്ലോസ്സിൽ ഉൾപ്പെടുത്തി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയ 01-07-2011 ലെ സ.ഉ.(കൈയ്യെഴുത്ത്)നം. 124/2011/ ത.സ്വ.ഭ.വ - തിരുത്തൽ വരുത്തി - പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈയ്യെഴുത്ത്)നം. 164/2011/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി: 02/08/2011.**

---

പരാമർശം:- 1. സ.ഉ.(സാധാ) നമ്പർ 2243/04/തസ്വഭവ തീയതി 29.6.2004
2. സ.ഉ.(സാധാ) നമ്പർ 223/05/തസ്വഭവ തീയതി 18.1.2005
3. സ.ഉ.(സാധാ) നമ്പർ 3165/2010/തസ്വഭവ തീയതി 30.09.2010
4. സ.ഉ.(കൈയ്യെഴുത്ത്)നം. 124/2011/ ത.സ്വ.ഭ.വ തീയതി 01.07.2011
4. ട്രിഡ സെക്രട്ടറിയുടെ 05.7.2011-ലെ എസ്സ്1/1344/04/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 4 ലെ സർക്കാർ ഉത്തരവ് പ്രകാരം കഴക്കൂട്ടം ട്രേഡ് സെന്റർ - കം - മിനി ബസ് സ്റ്റാൻഡ് പ്രോജക്ടിനായി 90.6 സെന്റ് സ്ഥലം അർജൻസി ക്ലോസ്സിൽ ഉൾപ്പെടുത്തി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിൽ കഴക്കൂട്ടം ട്രേഡ് സെന്റർ - കം - മിനി ബസ് സ്റ്റാൻഡ് പ്രോജക്ടിനു വേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് അക്വയർ ചെയ്യുന്നതിനുള്ള സർവ്വെ നമ്പരുകൾ കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നതായി ട്രിഡ സെക്രട്ടറി പരാമർശം 5 ലെ കത്തു മുഖേന അറിയിച്ചിരുന്നു. അതിനാൽ പരാമർശം 4 ലെ ഉത്തരവ് ഭേദഗതി വരുത്തി കഴക്കൂട്ടം ട്രേഡ് സെന്റർ - കം - മിനി ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് കഴക്കൂട്ടം വില്ലേജിൽ സർവ്വെ നമ്പർ **406/6, 7, 8, 9, 13,14, 15, 16, 23, 24(പി) & 25(പി)** യിൽ ഉൾപ്പെട്ടു വരുന്ന അവികസിതമായ ഉദ്ദേശം 90.6 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി പൊന്നും വിലയ്ക്ക് എടുക്കുന്നതിനും സർവ്വെ **406/3, 4,5,10,11,12,17,18,19,20, 24(പി), 25(പി)** നമ്പരുകളിൽ ഉൾപ്പെട്ട പൂർണ്ണമായും കെട്ടിടങ്ങളാൽ വികസിതമായ ഉദ്ദേശം 39.4 (33 സെന്റ് + 2.60 ആർ) സെന്റ് സ്ഥലം അക്വിസിഷനിൽ നിന്ന് ഒഴിവാക്കുന്നതിനും അനുമതി നൽകിക്കൊണ്ട് പരാമർശം 4 ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30-09-2010-ലെ സ.ഉ (സാധാ) നം. 3165/10/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കഴക്കൂട്ടം വില്ലേജിലെ സർവ്വെ നമ്പർ **406/4 (പി), 5 (പി), 6,7,8,9,10,13,14,15,16,20,23,24(പി), 25 (പി),** എന്നീ സർവ്വെ നമ്പരുകളിൽ

ഉൾപ്പെട്ട 97 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി കഴക്കൂട്ടം ട്രേഡ് സെന്റർ - കം - മിനി ബസ് സ്റ്റാന്റ് നിർമ്മാണ പ്രോജക്ടിന് വേണ്ടി അക്വയർ ചെയ്യാൻ അനുമതി നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട്, സർവ്വെ നമ്പർ, **406/6,7,8,9,13,14,15,16,23, 24(പി), 25 (പി)** ഉൾപ്പെടുന്ന അവികസിതമായ ഉദ്ദേശം 90.6 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി പൊന്നും വിലയ്ക്ക് എടുക്കുന്നതിനും, പൂർണ്ണമായും കെട്ടിടങ്ങളാൽ വികസിതമായ കഴക്കൂട്ടം വില്ലേജിലെ **406/3, 4,5,10,11,12,17,18,19,20,24(പി), 25(പി)** സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട ഉദ്ദേശം **39.4 (33സെന്റ് + 2.60 ആർ)** സെന്റ് സ്ഥലം അക്വിസിഷനിൽ നിന്നൊഴിവാക്കിയും താഴെപ്പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

(i) അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരു വിധ സാമ്പത്തിക/വ്യവഹാര ബാദ്ധ്യതകൾ ഉണ്ടായിരിക്കുന്നതല്ല.

(ii) അക്വിസിഷനാവശ്യമായ തുകയുടെ **80%** മുൻകൂറായി ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

(iii) അക്വിസിഷൻ സംബന്ധമായി പ്രസക്തമായ 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ (ഈ പ്രദേശം ഇപ്പോൾ കോർപ്പറേഷന്റെ കീഴിൽ ആയതിനാൽ) പാലിക്കേണ്ടതാണ്.

(iv) അക്വിസിഷൻ പ്രകാരം കുടിയൊഴിപ്പിക്കുന്നവർക്ക് ശരിയായ പുനരധിവാസം നൽകുന്നതാണ്.

പരാമർശം (4) ലെ സർക്കാർ ഉത്തരവിൽ മേൽ പറഞ്ഞ തിരുത്തലുകൾ വരുത്തി ഭേദഗതി ചെയ്തിരിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**ജയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, ട്രിഡ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ്
കരുതൽ ഫയൽ
ഓഫീസ് കോപ്പി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാളയം പി.ഒ തിരുവനന്തപുരം - LSGD വെബ്സൈറ്റിൽ upload ചെയ്യുന്നതിനായി.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**